**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5100** **02-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷിവകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും കർഷകരെ അറിയിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിവകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും യഥാസമയം കർഷകർ അറിയാതെ പോകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിലും യഥാസമയം അറിയിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. നിലവിൽ എല്ലാ കൃഷിഭവനുകളിലും പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ കാർഷിക വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ എല്ലാ കർഷക സംഘടന പ്രതിനിധികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിസംബന്ധമായ എല്ലാ കാര്യങ്ങളും ഈ സമിതിയിൽ ചർച്ച ചെയ്യാറുണ്ട്. കൂടാതെ ക്ഷണിക്കപ്പെടുന്ന പഞ്ചായത്ത് കമ്മിറ്റികളിലും കൃഷി ഓഫീസർ പങ്കെടുക്കുകയും കൃഷിവകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും പഞ്ചായത്ത് കമ്മിറ്റികളിൽ ചർച്ച ചെയ്യാറുമുണ്ട്. ഗ്രാമസഭകൾ കൂടുമ്പോൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കുകയും പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യാറുണ്ട്. കൃഷിഭവനിൽ ഓരോ കൃഷി അസിസ്റ്റന്റിനും നിശ്ചിത വാർഡുകളിലെ ചുമതല നൽകിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാർ ഫീൽഡ് പരിശോധന സമയത്ത് അതാത് വാർഡുകൾ സന്ദർശിക്കുമ്പോൾ കൃഷിവകുപ്പിന്റെ പദ്ധതികളേയും പ്രവർത്തനങ്ങളേയും കുറിച്ച് കർഷകരെ അറിയിക്കാറുണ്ട്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ജില്ലാതലത്തിൽ പദ്ധതികളെക്കുറിച്ച് വിവിധ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകാറുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന വിവിധ മാധ്യമങ്ങളിലൂടെ കൃഷി വകുപ്പിന്റെ പദ്ധതികളേയും പ്രവർത്തനങ്ങളേയും കുറിച്ച് പ്രചരണം നൽകാറുമുണ്ട്. |
| (ബി) | വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ കർഷകരെ അറിയിക്കുന്നതിനായി വാർഡുതല സമിതികളെ നിയോഗിക്കാൻ സാധിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിലവിൽ പഞ്ചായത്തുതലത്തിൽ പ്രവർത്തിച്ചുവരുന്ന പാടശേഖരസമിതികൾ, കേരസമിതി തുടങ്ങിയവ മുഖേനയും പദ്ധതികളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ കർഷകർക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ